പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .165 — 18.03.13-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ ക്വാട്ട

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എസ്. ശർമ്മ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേകമായി മണ്ണെണ്ണ ക്വാട്ട അനുവദിക്കണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്ര സർക്കാർ അംഗീകരിക്കുന്നുണ്ടോ; | (എ) യും (ബി) യും | കേന്ദ്ര സർക്കാരിൽ നിന്നും മത്സ്യബന്ധനത്തിനായി പ്രത്യേകം മണ്ണെണ്ണ അനുവദിച്ച് നൽകുന്നില്ല. ഗാർഹികാവശ്യത്തിന് സംസ്ഥാനത്തിന് ലഭ്യമാകുന്ന മണ്ണെണ്ണയിൽ നിന്നും പ്രതിമാസം 2525 കെ.എൽ മണ്ണെണ്ണ സംസ്ഥാന സർക്കാരാണ് മത്സ്യബന്ധനത്തിനായി സംസ്ഥാന സിവിൽ സപ്ലൈസ് വകുപ്പ് വഴി അനുവദിച്ച് നൽകുന്നത്. നിലവിലുള്ള എഞ്ചിനുകളുടെ എണ്ണത്തിനനുസൃതമായി പ്രതിമാസം കുറഞ്ഞപക്ഷം 15000 കെ.എൽ മണ്ണെണ്ണ ആവശ്യമായി വരുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഇതിൽ 2525 കിലോ ലിറ്റർ മാത്രമാണ് ഇപ്പോൾ ലഭ്യമാകുന്നത്. ഈ കുറവ് പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ മത്സ്യമേഖലയ്ക്കായി പ്രത്യേക മണ്ണെണ്ണ ക്വാട്ട അനുവദിച്ചു നൽകണമെന്ന് ബഹു. പ്രധാനമന്ത്രിയ്ക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. ആയത് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | എങ്കിൽ നിലവിൽ എത്ര കിലോ ലിറ്റർ മണ്ണെണ്ണയാണ് മത്സ്യമേഖലയ്ക്ക് ലഭ്യമാക്കുന്നത്; അത് എത്ര കിലോ ലിറ്ററായി വർദ്ധിപ്പിച്ച് നൽകും; അത്രയും മണ്ണെണ്ണ കൊണ്ട് മത്സ്യമേഖലയിലെ ഇന്ധന പ്രശ്നത്തിന് പരിഹാരം കാണാനാകുമോയെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ